# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2529 — 09/12/2014-ൽ മറുപടിക്ക്

### പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പ്രാക്തനഗോത്ര വർഗ്ഗ പദ്ധതിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു ; | (എ) | പ്രാക്തന ഗോത്രവർഗ്ഗ പദ്ധതിയിൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രത്യേക അവാർഡ് തുകയായ 148 കോടി ലഭിച്ചതിൽ ഇതുവരെ 1,17,89,39,001/ രൂപ ചെലവഴിച്ചു. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് പ്രകൃതിദത്ത ഉറവിടത്തിൽ നിന്നും വെള്ളം വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയത് ഏതെല്ലാം ഊരിലാണ്; ഓരോ സ്ഥലത്തും എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കാമോ; | (ബി) | പി.വി.റ്റി.ജി പദ്ധതി പ്രകാരം കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്ന പദ്ധതി താഴെ പറയുന്ന ഊരുകളിൽ (കോളനി) നടപ്പാക്കി വരുന്നു.<br>1. ആണ്ടൂർ<br>2. ചിനിക്കമൂല<br>3. ഞമലത്ത്<br>4. ചുണ്ടക്കുഴി<br>5. പാടിക്കൊല്ലി<br>6. രാമഗിരി<br>7. യൂക്കാലിക്കവല<br>8. വെള്ളിത്തോട്<br>9. മാക്കുറ്റി<br>10. ചുരക്കുനി<br>11. കൊന്നംമ്പറ്റ<br>12. പാടൃമ്പം<br>13. കടമ്പക്കാട്ട്<br>14. കുഴിമൂല<br>15. ചുണ്ടപ്പാടി<br>16. കാക്കമല<br>17. രാസള്ളി<br>18. ചിറമൂല<br>19. മാലക്കാപ്പ്<br>20. മാറോട്<br>21. മറുകര<br>22. ചെട്ട്യാലത്തൂർ<br>23. പിലാക്കാവ്<br>24. പൂവള്ളി<br>മേൽ വിവരിച്ച കോളനികളിൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ കം വാല്യുവേഷൻ സർട്ടിഫിക്കറ്റ് എഞ്ചിനീയറിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പണി പൂർത്തീകരിച്ചതിന്റെ തുക അനുവദിച്ചിട്ടില്ല. |
| (സി) | പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം എത്ര രൂപ ചെലവഴിച്ചു; ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ ഏതെല്ലാം ഊരുകളിൽ എത്ര വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു; അതിൽ പൂർത്തീകരിച്ചത് എത്ര; പൂർത്തീകരിക്കാത്തത് എത്ര; വിശദാംശം നൽകുമോ; | (സി) | പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം ഇതുവരെ 6,00,89,271/- രൂപ ചെലവഴിച്ചു. താഴെപറയുന്ന 14 ഊരുകളിൽ 97 വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു. 97 വീടുകളുടെയും പണി പുരോഗമിച്ചുവരുന്നു.<br>1. ഗലസി<br>2. തുടുക്കി<br>3. കടുകുമണ്ണ്<br>4. ആനവായ്<br>5. തടിക്കുണ്ട്<br>6. കിണറ്റുകര<br>7. ഭൂതയാർ<br>8. പഴയൂർ<br>9. ഇടവാണി<br>10. മേലെമൂലക്കൊമ്പ്<br>11. പാലൂർ<br>12. ഗൊട്ടിയാർക്കണ്ടി<br>13. കുറുക്കത്തിക്കല്ല്<br>14. പാലപ്പട |
| (ഡി) | അട്ടപ്പാടിയിൽ മറ്റെന്തെല്ലാം കാര്യങ്ങൾക്കാണ് പദ്ധതിയുടെ ഫണ്ട് ചെലവഴിച്ചത്; ഓരോന്നിനും എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ? | (ഡി) | ഭവന നിർമ്മാണം ഉൾപ്പെടെ ഭക്ഷ്യ സഹായ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, പ്രത്യേക അംഗൻവാടി, ഹെൽത്ത് പ്രൊമോട്ടർമാർ, റോഡ് നിർമ്മാണം എന്നീ പദ്ധതികൾക്കാണ് ഫണ്ട് ചെലവഴിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

| | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 1 | ഭവന നിർമ്മാണം | 1,37,12,500 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് | 17,50,000 |
| 3 | ഭക്ഷ്യ സഹായ പദ്ധതി | 1,34,67,284 |
| 4 | പ്രത്യേക അംഗൻവാടി | 1,31,347 |
| 5 | ഹെൽത്ത് പ്രൊമോട്ടർമാർ | 10,28,140 |
| 6 | റോഡ് നിർമ്മാണം | 3,00,00,000 |
| | ആകെ | 6,00,89,271 |

**സെക്ഷൻ ഓഫീസർ**